**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 329** **03-03-2023 - ൽ മറുപടിയ്ക്ക്**

**സുരക്ഷിതമാക്കാം പശ്ചിമഘട്ടം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി,<br>ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ. പി.വി.അൻവർ,<br>ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഉരുൾപ്പൊട്ടലിനും മണ്ണിടിച്ചിലിനുമുള്ള സാധ്യത ലഘൂകരിച്ച് പശ്ചിമഘട്ട പ്രദേശത്ത് സുരക്ഷിത ജനവാസം ഉറപ്പാക്കാൻ ലക്ഷ്യമിട്ട് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതിയിലൂടെ എന്തൊക്കെയാണ് ലക്ഷ്യമിടുന്നത്; വിശദാംശം നൽകാമോ; | (എ) | "ഉരുൾപൊട്ടൽ പ്രദേശങ്ങളുടെ സംരക്ഷണം" എന്ന സംസ്ഥാന പദ്ധതി മണ്ണ് പര്യവേക്ഷണ-മണ്ണ്സംരക്ഷണ വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നു. സംസ്ഥാനത്തെ മലയോര പ്രദേശങ്ങളിലെ ഉരുൾപൊട്ടൽ (മണ്ണിടിച്ചിൽ) സാധ്യതയുള്ള/ ബാധിതമായ ആവാസ വ്യവസ്ഥകളുടെ സ്ഥിരതയ്ക്കും വീണ്ടെടുപ്പിനും ആവശ്യമായ ശാസ്ത്രീയ മണ്ണ് -ജല സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും ജൈവ വ്യവസ്ഥയെ ഭദ്രമാക്കി നിലനിർത്തുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു. ഉരുൾപൊട്ടൽ ഭീഷണിയുള്ള വയനാട് , മലപ്പുറം, ഇടുക്കി , പത്തനംതിട്ട ,പാലക്കാട്, കോഴിക്കോട് ,കോട്ടയം ജില്ലകൾ കേന്ദ്രീകരിച്ചാണ് പദ്ധതി നിലവിൽ നടപ്പിലാക്കി വരുന്നത് .<br><br>ഹരിതകേരളം മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി പശ്ചിമഘട്ട പ്രദേശങ്ങളിൽ തദ്ദേശ നീർച്ചാൽ ശൃംഖലകൾ പൂർണമായും വീണ്ടെടുത്ത് നീരൊഴുക്ക് സുഗമമാക്കുവാൻ വേണ്ട പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ട്. പാരിസ്ഥിതിക പ്രാധാന്യമുള്ള പശ്ചിമഘട്ട മലനിരകളുടെ ദൃഢമായ പ്രതലത്തിൽ 2 മുതൽ 20 മീറ്റർ വരെ ഘനത്തിൽ മണ്ണുണ്ടെന്നാണ് കണക്കാക്കുന്നത്. ഈ പ്രദേശത്ത് പെയ്തു വീഴുന്ന ജലം താഴേയ്ക്ക് ഒഴുകുന്നതിന് പര്യാപ്തമായ രീതിയിൽ സ്വാഭാവിക നീർച്ചാൽ ശൃംഖലകൾ ഉണ്ടായിരുന്നു. എന്നാൽ ഇവയിൽ പലതും നഷ്ടപ്പെടുകയും അടഞ്ഞു പോകുകയും ചെയ്തതുമൂലം വെള്ളം മണ്ണിലേയ്ക്ക് ഊർന്നിറങ്ങി മണ്ണിന്റെ ജലാംശം ക്രമാതീതമായി വർദ്ധിക്കുകയും മണ്ണിടിച്ചിലിനും ഉരുൾപൊട്ടലിനും കാരണമാകുകയും ചെയ്യുന്നു. ഹരിതകേരളം മിഷന്റെ |

| | | | |
|---|---|---|---|
| | | | നേതൃത്വത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടത്തിയ "ഇനി ഞാനൊഴുകട്ടെ" എന്ന ക്യാമ്പയിനിലൂടെ നീർച്ചാലുകളുടെ പുനരുജ്ജീവനം വിജയകരമായി നടത്തിയ അനുഭവത്തിന്റെ വെളിച്ചത്തിൽ പശ്ചിമഘട്ട നീർച്ചാലുകൾ കൃത്യമായി അടയാളപ്പെടുത്തി അവയുടെ ശൃംഖലകൾ പൂർണ്ണമായും വീണ്ടെടുത്ത് നീരൊഴുക്ക് പുനഃസ്ഥാപിക്കുവാനാണ് ലക്ഷ്യമിടുന്നത്. ജലസേചന വകുപ്പ്, മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ്, തൊഴിലുറപ്പ് പദ്ധതി എന്നിവയുടെ ഏകോപനം സാധ്യമാക്കി ഓരോ ഏജൻസിയുടേയും വകുപ്പുകളുടേയും സാധ്യതകൾക്കനുസരിച്ച് ഈ പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കുവാനാണ് ലക്ഷ്യമിടുന്നത്. ഇതിലൂടെ ഈ പ്രദേശത്ത് അധിവസിക്കുന്ന ജനങ്ങൾക്ക് ഭയരഹിതമായി ഇവിടെ താമസിക്കുന്നതിനുള്ള സാഹചര്യം ഉറപ്പാക്കുന്നതിന് ലക്ഷ്യമിടുന്നു. |
| (ബി) | സുരക്ഷിതമാക്കാം പശ്ചിമഘട്ടം പദ്ധതിയുടെ ഭാഗമായി ഏതെല്ലാം സ്ഥലങ്ങളിൽ മാപ്പിംഗ് പൂർത്തിയാക്കിയിട്ടുണ്ടെന്നും മാപ്പിംഗ് പൂർത്തിയാക്കിയ സ്ഥലങ്ങളിൽ നീർച്ചാലുകൾ വീണ്ടെടുക്കുന്നതിനുള്ള പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോയെന്നും അറിയിക്കാമോ; വിശദാംശം ലഭ്യമാക്കാമോ? | (ബി) | സുരക്ഷിതമാക്കാം പശ്ചിമഘട്ടം പദ്ധതിയുടെ ഭാഗമായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ കേരള പുനർ നിർമ്മാണ പദ്ധതി (RKI) യുടെ സഹായത്തോടെയും സംസ്ഥാന ഐ.ടി. മിഷൻ, ICFOSS എന്നിവയുടെ സാങ്കേതിക സഹായത്തോടെയും ഓപ്പൺ സ്ട്രീറ്റ് സങ്കേതം പ്രയോജനപ്പെടുത്തി നീർച്ചാലുകൾ ഡിജിറ്റൽ മാപ്പിൽ അടയാളപ്പെടുത്തുന്ന പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ പശ്ചിമഘട്ട പ്രദേശങ്ങളിലെ 230 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലാണ് ഇത്തരത്തിൽ മാപ്പിംഗ് പ്രവർത്തനം നടത്തുന്നത്. ഇതിൽ 32 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മാപ്പിംഗ് പ്രവർത്തനം പൂർത്തിയാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ